**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5286 — 27.07.2015-ൽ മറുപടിയ്ക്ക്

## ഇ-ഗവേണൻസ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.എൻ.പ്രതാപൻ**<br>**„ എ.പി.അബ്ദുള്ളക്കുട്ടി**<br>**„ ആർ.സെൽവരാജ്**<br>**„ വി.റ്റി.ബൽറാം** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി. വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) പൊതുമരാമത്ത് വകുപ്പിൽ ഘട്ടംഘട്ടമായി ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ കരാറുകാരുടെ ബിൽ പേയ്മെന്റ് വരെയുള്ള പൊതുമരാമത്ത് വകുപ്പിലെ എല്ലാ പ്രവൃത്തികളും ഒരു ഏകീകൃത കമ്പ്യൂട്ടർവത്കൃത സംവിധാനത്തിൻ കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കും. പൊതുജനങ്ങളുമായി പൊതുമരാമത്ത് വകുപ്പിന്റെ സമ്പർക്കങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും അത് വഴി അവരുടെ പരാതികളും ആവശ്യങ്ങളും വേഗത്തിൽ പരിഹരിക്കാനുമുള്ള സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (സി) ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ടെണ്ടറിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അത് ഓൺലൈൻ ആയി മുകൾഓഫീസുകളിലേക്ക് സമർപ്പിക്കുന്നതിനും, പരിശോധിക്കുന്നതിനും, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ നൽകുന്നതിനുമുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം [Project Information and Cost Estimation (PRICE) Software] പൊതുമരാമത്ത് വകുപ്പും എൻ.ഐ. സി.യും ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ 2014 ജനുവരി 1 മുതൽ വിജയകരമായി നടപ്പിലാക്കി വരുന്നു. ഇത് 01.09.2015 മുതൽ പൊതുമരാമത്ത് വകുപ്പിലെ മറ്റു വിഭാഗങ്ങളിലും തുടർന്ന് കേരളത്തിലെ മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഏകീകൃത ഇ-ഗവേണൻസ് സംവിധാനമായി PRICE സോഫ്റ്റ്‌വെയറിനെ ഘട്ടംഘട്ടമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ്‌വെയറിനെ എൻ.ഐ.സി. തന്നെ കേരള സർക്കാരിനുവേണ്ടി വികസിപ്പിച്ച് നടപ്പിലാക്കി വരുന്ന, ഫയൽ നീക്കം സുഗമമാക്കുന്നതിനുള്ള ഇ-ഓഫീസ് സോഫ്റ്റ്‌വെയർ, ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) നൽകൽ സുഗമമാക്കുന്നതിനുള്ള EMLI സോഫ്റ്റ്‌വെയർ, സ്പാർക്ക് സോഫ്റ്റ്‌വെയർ എന്നിവയുമായി സമന്വയിപ്പിച്ച് ഒരു ഏകീകൃത സംവിധാനം ആയി വികസിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**